സിറ്റിയിലെ പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികളുടെ യാത്രാദുരിതം ഒഴിവാക്കാൻ നടപടി

67 [2719] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. ടി. അഹമ്മദ് അലി:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക്ക് കുരിക്കൾ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾ സിറ്റിയിലെ പ്രൈവറ്റ് ബസ്സുകളിൽ യാത്ര ചെയ്യുമ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ്സ് ടിക്കറ്റ് അനുവദിക്കാതിരിക്കുന്നതും അവരെ കണ്ടാൽ ബസ് ആ സ്റ്റേഷനിൽ നിർത്താതിരിക്കുന്നതും അവർക്ക് യാത്രാ കൺസഷൻ അനുവദിക്കുന്നതിൽ തർക്കമുണ്ടാക്കി അവരോട് അപമര്യാദയായി പെരുമാറുന്നതും തുടങ്ങി വിദ്യാർത്ഥിനികൾ ദിവസേന അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയെന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രൈവറ്റ് ബസ്സുകളിൽ ഒരു വനിതാ കണ്ടക്ടറെ സ്ത്രീകളുടെ ഭാഗത്ത് സേവനം നടത്തുന്നതിന് നിർബന്ധിക്കുന്ന നിബന്ധനയുണ്ടാക്കി യാത്രക്കാരായ വിദ്യാർത്ഥിനികളുടെയും സ്ത്രീകളുടെയും ബുദ്ധിമുട്ട് പരിഹരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) ഈ ആരോപണങ്ങളെ സംബന്ധിച്ച് വ്യക്തമായ പരാതി ലഭിച്ചാൽ കർശന നടപടി സ്വീകരിക്കാവുന്നതേയുള്ളൂ. കൂടാതെ പ്രൈവറ്റ് ബസ്സിൽ സേവനമനുഷ്ഠിക്കുന്ന ക്ലീനർമാർക്ക് യൂണിഫോമും പെരുമാറ്റച്ചട്ടവും നിശ്ചയിച്ചിട്ടുണ്ട്.

(ഡി) പ്രൈവറ്റ് ബസ്സുകളിൽ കണ്ടക്ടർമാരെ നിയമിക്കുന്നത് ബസ്സുടമകളാണ്. കണ്ടക്ടറായി വനിതയെ നിയമിക്കണമെന്ന് നിബന്ധനവയ്ക്കാൻ നിർവ്വാഹമില്ല.

അന്തർസംസ്ഥാന പ്രൈവറ്റ് ബസ്സ് പെർമിറ്റുകൾ

68 [2720] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
,, സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പ്രൈവറ്റ് ബസ്സുകൾക്ക് അന്തർ സംസ്ഥാന ബസ് റൂട്ട് പെർമിറ്റുകൾ അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട്, കൊച്ചി, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് മുബൈയിലേക്കും, ബാംഗ്ലൂരിലേക്കും ദിവസവും സ്റ്റേജ് കാരിയർ പോലെ ബസ് സർവ്വീസ് നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ബസ്സുകൾക്ക് ഈ റൂട്ടിൽ റൂട്ട് പെർമിറ്റ് കൊടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 70 (എഴുപത്).

(ബി) സ്റ്റേജ് കാരിയേജ് പോലെ ബസ് സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

റെന്റ് എ കാർ എന്ന പേരിൽ ടാക്സി സർവ്വീസ്

69 [2721] ശ്രീ. മാമ്മൻ മത്തായി:

„ തോമസ് ഉണ്ണിയാടൻ:

„ സ്റ്റീഫൻ ജോർജ്:

„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മിക്ക ഭാഗങ്ങളിലും പ്രൈവറ്റ് രജിസ്ട്രേഷൻ എടുത്ത് 'റെൻറ് എ കാർ' എന്ന പേരിൽ ടാക്സി സർവ്വീസ് നടത്തുന്നതായ വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സർക്കാരിന് ടാക്സ് ഇനത്തിൽ വലിയ ഒരു സംഖ്യ നഷ്ടപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 'റെൻറ് എ കാർ' സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്ക് ടാക്സി പെർമിറ്റ് നൽകുന്നതിനും സർക്കാരിനുണ്ടാകുന്ന നഷ്ടം തടയുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരത്തിൽ വ്യാജമായി ഉപയോഗിക്കുന്ന വാഹനങ്ങൾ എണ്ണത്തിൽ കുറവായതിനാൽ ടാക്സ് ഇനത്തിൽ സർക്കാരിന് വലിയ സംഖ്യ നഷ്ടപ്പെടുന്നു എന്നു പറയുന്നത് ശരിയല്ല.

(സി) ഇത്തരത്തിൽ നിയമവിരുദ്ധമായി ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ പലപ്പോഴായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപടി എടുത്തിട്ടുണ്ട്. എന്നാൽ വേണ്ടത്ര തെളിവുകളുടെ അഭാവത്തിൽ ശിക്ഷാനടപടികൾ ഫലപ്രദമാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly